

11-11-2022

FRIDAY വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suraj S** **Editor : Dr. Saritha Vijayan K.**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-11/11/2022.

1. സംസ്ഥാന കടാശ്വാസ കമ്മീഷൻ വഴി കടാശ്വാസത്തിനായി കർഷകർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള വായ്പാ തീയതി **വയനാട്, ഇടുക്കി** ജില്ലയിലെ കർഷകർക്ക് **31.08.2018 എന്നത് 31.08.2020** വരെയും **മറ്റ് 12 ജില്ല**കളിലെ കർഷകർക്ക് **31.03.2014 എന്നത് 31.03.2016** വരെയും ദീർഘിപ്പിച്ചതായി കൃഷി മന്ത്രി പി പ്രസാദ് അറിയിച്ചു. കാലാവസ്ഥ വ്യതിയാനത്തെ തുടർന്ന് നിരന്തരം പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുകയും കൃഷിനാശം സംഭവിക്കുകയും ചെയ്ത സാഹചര്യത്തിൽ കർഷകർ കടക്കെണിയിൽ അകപ്പെടാതിരിക്കുന്നതിനും, സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നായി കർഷകരിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിഗണിച്ചുമാണ് ഈ തീരുമാനമെന്നും മന്ത്രി അറിയിച്ചു. കർഷകർ സഹകരണ ബാങ്കുകളിൽ / സംഘങ്ങളിൽ നിന്നും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന നിലവിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിച്ചു വരുന്നത്.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ ഉദ്ഘാടനം ഈ മാസം 15-ന് രാവിലെ 10 മണിക്ക് കൊല്ലം ജില്ലയിൽ വച്ച് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. **നവംബർ 15 മുതൽ ഡിസംബർ 8 വരെ ഉള്ള 21 പ്രവർത്തി ദിവസങ്ങ**ളിലായി ഈ യജ്ഞം പൂർത്തീകരിക്കുന്നതാണ്. നാല് മാസവും അതിനു മുകളിലും പ്രായമുള്ള മുഴുവൻ പശു, എരുമ വർഗ്ഗത്തിലുള്ളള ഉരുക്കളേയും കുത്തിവയ്പ്പിന് വിധേയമാക്കാനാണ് ലക്ഷ്യമിടുന്നത്. കർഷകരുടെ വീട്ടുപടിക്കൽ സേവനം നൽകുന്നതിനായി ഒരു വാക്സിനേറ്ററും ഒരു സഹായിയും അടങ്ങുന്ന 1916 സ്ക്വാഡുകൾ ഇതിനായി രൂപീകരിച്ചിട്ടുണ്ട്. മൃഗങ്ങൾക്കുള്ള സാംക്രമിക രോഗനിയന്ത്രണ/നിർമ്മാർജ്ജന ആക്ട് പ്രകാരം കുളമ്പുരോഗ കുത്തിവയ്പ്പ് എടുക്കേണ്ടത് അനിവാര്യമാണ്.

3. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുവാനായി ബുക്കിംഗ് സ്വീകരിക്കുന്നു. 130 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ആവശ്യമുള്ളവർ തിങ്കൾ മുതൽ വെള്ളി വരെ 9 മണി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുതൽ 5.30 വരെയുള്ള സമയങ്ങളിൽ **0479 2959268, 2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

4. തിരുവനന്തപുരം ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 2023 വർഷത്തെ പാൽകാർഡ് വിതരണം ചെയ്യുന്നതിന് ഫാമിന് പരിസരത്തുള്ളള കോർപ്പറേഷൻ വാർഡുകളായ കുടപ്പനക്കുന്ന്, പാതിരപ്പള്ളി, ചെട്ടിവിളാകം, കിണവൂർ എന്നിവിടങ്ങളിലും കരകുളം ഗ്രാപഞ്ചായത്ത് വാർഡുകളായ വഴയില, കല്ലയം, പ്ലാവുവിള, നെടുമ്പാറ, നെടുമൺ എന്നിവിടങ്ങളിലും സ്ഥിരതാമസക്കാരായ റേഷൻ കാർഡുള്ള കുടുംബങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ ഫോമുകൾ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. നിർദ്ദിഷ്ഠ മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകൾ ഈ മാസം 15 വരെ (നവംബർ 15) രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരേയും ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരേയും ഫാം ഓഫീസ് ബിൽഡിംഗിൽ സ്വീകരിക്കുന്നതാണ്.

5. കേരള കാർഷിക സർവകലാശാല 2022-23 അധ്യയന വർഷത്തേക്ക് ബി.എസ്സ്.സി (ഓണേഴ്സ്) അഗ്രികൾച്ചർ കോഴ്സിന് ഒരു സീറ്റിലേക്ക് കാർഷിക മേഖലയിൽ പ്രാഗൽഭ്യം തെളിയിച്ച് സംസ്ഥാനതലത്തിൽ അവാർഡ് കരസ്ഥമാക്കിയ കർഷക പ്രതിഭയായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്കും അപേക്ഷാഫോമിനും കേരള കാർഷിക സർവകലാശാലയുടെ www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 28 (28.11.2012).

6. തിരുവനന്തപുരം ജില്ലയിൽ ചെറ്റച്ചലിൽ പ്രവർത്തിക്കുന്ന ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലെ ഫലവൃക്ഷങ്ങളിൽ/സുഗന്ധവ്യഞ്ജനങ്ങളിൽ നിന്നും **2023 ജനുവരി 01 മുതൽ 2023 ഡിസംബർ 31** വരെയുള്ള കാലയളവിൽ മേലാദായം എടുക്കുന്നതിനുള്ള അവകാശം ക്വട്ടേഷൻ രീതിയും/ലേല രീതിയും അവലംബിച്ച് കൂടുതൽ തുക രേഖപ്പെടുത്തുന്ന/വിളിക്കുന്നയാൾക്ക് നൽകുന്നതാണ്. ക്വട്ടേഷൻ നവംബർ 24-ന് 11.30-ന് മുമ്പ് സമർപ്പിക്കേണ്ടതാണ്. നവംബർ 24-ന് പകൽ 12 മണിക്ക് പരസ്യമായി ലേലം നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **7907144318** എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. തിരുവനന്തപുരം, വെള്ളായണി കാർഷിക കോളജിലെ പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗമായി **'പഴം – പച്ചക്കറി സംസ്കരണത്തിൽ പാക്കേജിന്റെ പ്രാധാന്യം'** എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി ഈ മാസം 29-ന് (29.11.2022 ന് ) നടത്തുന്നു. 500 രൂപയാണ് ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പരമാവധി 25 പേർക്കാണ് പ്രവേശനം നൽകുന്നത്. താൽപര്യമുള്ളവർ ആഫീസ് സമയങ്ങളിൽ **9447281300** എന്ന ഫോൺ നമ്പറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 16-ന് **കാടവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **9188522708** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ **0484 2631355** എന്ന ഫോൺ നമ്പരിൽ വിളിച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കാർഷിക മേഖലയിൽ ഡ്രോണുകളുടെ പ്രയോജനത്തെപ്പറ്റി അവയുടെ പ്രായോഗിക പരിശീലനം ഉൾപ്പെടെ ഒരു പരിശീലന പരിപാടി കാർഷിക സർവകലാശാലയുടെ അഗ്രി ബിസിനസ് ഇൻകുബേറ്റർ സെന്ററിൽ നവംബർ 21 മുതൽ 25 വരെ സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഇന്ന് (നവംബർ 11ന്) തന്നെ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് **0487 2438332** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. പട്ടം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **17,18** (നവംബർ 17,18) **ശുദ്ധമായ പാലുൽപാദനം** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ ഈ മാസം **16-ന് (നവംബർ 16) 5 മണിക്കു മുമ്പായി** പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 125 രൂപ ദിനബത്തയും, ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, **0471-2440911** എന്ന ഫോൺ നമ്പരിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം